# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 797 — 07.02.2013 ൽ മറുപടിക്ക്

**ചേർത്തല താലൂക്ക് ആശുപത്രി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചുവെങ്കിലും പതിറ്റാണ്ടുകൾ മുമ്പുള്ള സ്റ്റാഫ് പാറ്റേണിലാണ് ആശുപത്രി പ്രവർത്തിക്കുന്നതെന്നും ഇവിടുത്തെ ബെഡ് സ്ട്രെങ്ത് ഇപ്പോഴും കേവലം 251 മാത്രമാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ അംഗീകാരവും പൊതുജനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് ആശുപത്രിയിലെ സ്റ്റാഫ് സ്ട്രെങ്ത് പുതുക്കി അനുവദിക്കുന്നതിനും ബെഡ് സ്ട്രെങ്ത് വർധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്. ഇക്കാര്യം സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയുടെ രണ്ടുകോടി രൂപ വിനിയോഗിച്ച് ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ, പുതിയ ട്രോമാകെയറിനുള്ള കെട്ടിടം പണി തുടങ്ങിയ സാഹചര്യത്തിൽ ഇവിടേയ്ക്കാവശ്യമായ ജീവനക്കാരെയും മറ്റ് ടെക്നീഷ്യൻമാരെയും നിയമിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താമോ? | (ബി) ട്രോമാകെയർ കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ